പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1495** — **15.02.2016-ൽ മറുപടിക്ക്**

## നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.സി.വിഷ്ണുനാഥ്**<br>**ശ്രീ. ആർ.സെൽവരാജ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. പി.എ.മാധവൻ** | **ശ്രീ. മഞ്ഞളാംകുഴി അലി**<br>**(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) നഗരങ്ങളെ മാലിന്യ മുക്തമാക്കുന്നതിലേക്കായി മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ തരംതിരിച്ച് സംസ്ക്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയ്ക്ക് പ്രോൽസാഹനം നൽകി സംസ്ഥാനത്തെ നഗരസഭകളിലുടനീളം നടപ്പിലാക്കിവരുന്നു. ആയതുവഴി പൊതു നിരത്തുകളിലേക്കും പൊതു മാലിന്യ സംസ്ക്കരണ പ്ലാന്റിലേയ്ക്കും എത്തുന്ന മാലിന്യത്തിന്റെ അളവ് വളരെയധികം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും വിതരണം ചെയ്തുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**